**മധുരമായ കുട്ടികളേ - നിങ്ങളുടെ ഓരോ വാക്കും വളരെ മധുരവും ഫസ്റ്റ്ക്ലാസ്സുമായിരിക്കണം, എങ്ങനെയാണോ ബാബ ദുഃഖത്തെ നീക്കി സുഖം നൽകുന്നത്, അതുപോലെ ബാബയ്ക്കു സമാനം എല്ലാവർക്കും സുഖം നൽകൂ.**

**ചോദ്യം:-** ലൗകിക ബന്ധു-മിത്രാദികൾക്ക് ജ്ഞാനം നൽകുന്നതിനുള്ള യുക്തി എന്താണ്?
**ഉത്തരം:-** ഏതൊരു ബന്ധുക്കളോടും മിത്രങ്ങളോടും വളരെ നമ്രതയോടെ, സ്നേഹ ഭാവത്തോടെ പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കണം. ഇത് അതേ മഹാഭാരതയുദ്ധമാണെന്ന് മനസ്സിലാക്കി കൊടുക്കണം. ബാബ രുദ്ര ജ്ഞാന യജ്ഞം രചിച്ചിരിക്കുന്നു. ഞാൻ താങ്കളോട് സത്യമായ കാര്യം പറയുകയാണ്, ഭക്തി മുതലായവ ജന്മ ജന്മാന്തരം ചെയ്തുവന്നു, ഇപ്പോൾ ജ്ഞാനം ആരംഭിച്ചിരിക്കുകയാണ്. എപ്പോൾ അവസരം ലഭിക്കുമ്പോഴും വളരെ യുക്തിയോടുകൂടി സംസാരിക്കൂ. കുടുംബത്തിൽ വളരെ സ്നേഹത്തോടെ പെരുമാറൂ. ഒരിക്കലും ആർക്കും ദുഃഖം കൊടുക്കരുത്.

**ഗീതം:-** അവസാനം ആ ദിനം ഇന്ന് വന്നു...

**ഓം ശാന്തി**. എപ്പോൾ ഏത് ഗീതം മുഴങ്ങുമ്പോഴും കുട്ടികൾ തന്റെ ഉള്ളിൽ അതിന്റെ അർത്ഥം കണ്ടെത്തണം. സെക്കന്റിൽ കണ്ടെത്താൻ കഴിയും. ഇത് പരിധിയില്ലാത്ത നാടകത്തിന്റെ വളരെ വലിയ ഘടികാരമാണല്ലോ. ഭക്തിമാർഗത്തിൽ മനുഷ്യർ വിളിക്കുന്നുമുണ്ട്. എങ്ങനെയാണോ കോടതിയിൽ കേസുണ്ടാകുമ്പോൾ പറയുന്നത്, എപ്പോൾ വാദം കേൾക്കും, എപ്പോൾ വിളിപ്പിക്കും അപ്പോഴല്ലേ നമ്മുടെ കേസ് പൂർത്തിയാകൂ. നിങ്ങൾ കുട്ടികൾക്കും കേസുണ്ട്, ഏത് കേസ്? രാവണൻ നിങ്ങളെ വളരെ ദുഃഖിയാക്കി മാറ്റിയിരിക്കുകയാണ്. നിങ്ങളുടെ കേസ് വലിയ കോടതിയിൽ ഹാജരാക്കിയിരിക്കുന്നു. മനുഷ്യർ വിളിച്ചുകൊണ്ടിരിക്കുന്നു - ബാബാ വരൂ, വന്ന് ഞങ്ങളെ ദുഃഖത്തിൽ നിന്ന് മോചിപ്പിക്കൂ. ഒരു ദിവസം തീർച്ചയായും കേൾക്കും. ബാബ കേൾക്കുന്നുമുണ്ട്, ഡ്രാമയനുസരിച്ച് തീർത്തും കൃത്യ സമയത്ത് വരുന്നുമുണ്ട്. അതിൽ ഒരു സെക്കന്റ് പോലും വ്യത്യാസം വരുന്നില്ല. പരിധിയില്ലാത്ത ഘടികാരം വളരെ കൃത്യമായാണ് ചലിക്കുന്നത്. ഇവിടെ നിങ്ങളുടെയടുത്തുള്ള ഒരു ചെറിയ ഘടികാരം പോലും കൃത്യമായി ചലിക്കുന്നില്ല. യജ്ഞത്തിലെ എല്ലാ കാര്യങ്ങളും വളരെ കൃത്യമായിരിക്കണം. ഘടികാരവും കൃത്യമായിരിക്കണം. ബാബയാണെങ്കിൽ വളരെ കൃത്യമാണ്. കേൾപ്പിക്കുന്നതും വളരെ കൃത്യമായാണ്. കല്പകല്പം കല്പത്തിന്റെ സംഗമത്തിൽ കൃത്യ സമയത്ത് വരുന്നു. ഇപ്പോൾ കുട്ടികളുടെ കേസ് എടുത്തു, ബാബ വന്നു. ഇപ്പോൾ നിങ്ങൾ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ. മുമ്പ് നിങ്ങൾക്കും അറിയുമായിരുന്നില്ല ദു:ഖം നൽകുന്നതാരാണെന്ന്. ദ്വാപരയുഗം മുതൽ രാവണരാജ്യം ആരംഭിക്കുന്നുവെന്ന് ബാബയിപ്പോൾ മനസ്സിലാക്കി തരുന്നു. ബാബ കല്പകല്പം സംഗമയുഗത്തിൽ വരുന്നുവെന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. ഇത് പരിധിയില്ലാത്ത രാത്രിയാണ്. ശിവബാബ പരിധിയില്ലാത്ത രാത്രിയിലാണ് വരുന്നത്, കൃഷ്ണന്റെ കാര്യമല്ല, എപ്പോഴാണോ ഘോര അന്ധകാരത്തിൽ അജ്ഞാന നിദ്രയിൽ ഉറങ്ങികൊണ്ടിരിക്കുന്നത് അപ്പോൾ ജ്ഞാനസൂര്യനായ ബാബ വരുന്നു, കുട്ടികളെ പകലിലേയ്ക്ക് കൊണ്ടു പോകാൻ. എന്നെ ഓർമ്മിക്കൂ എന്ന് പറയുന്നു. കാരണം പതിതത്തിൽ നിന്ന് പാവനമാകണം. ബാബ തന്നെയാണ് പതിത പാവനൻ. ബാബ എപ്പോഴാണോ വരുന്നത് അപ്പോഴാണ് വാദം കേൾക്കുന്നത്. ഇപ്പോൾ നിങ്ങളുടെ വാദം കേൾക്കുകയാണ്. ബാബ പറയുന്നു പതിതത്തിൽ നിന്ന് പാവനമാക്കുന്നതിനായി ഞാൻ വന്നിരിക്കുന്നു. പാവനമാകുന്നതിന് നിങ്ങൾക്ക് വളരെ സഹജമായ ഉപായങ്ങളാണ് പറഞ്ഞു തരുന്നത്. ഇന്നത്തെ കാലത്ത് നോക്കൂ സയൻസ് എത്ര ശക്തമാണ്. ആറ്റോമിക് ബോംബുകളിൽ നിന്നെല്ലാം എത്ര ഘോരമായ ശബ്ദമാണ് വരുന്നത്. നിങ്ങൾ കുട്ടികൾ സൈലൻസിന്റെ ബലത്താൽ ഈ സയൻസിന്റെ മേൽ വിജയം നേടിയിരിക്കുന്നു. സൈലൻസിനെ യോഗം എന്നും പറയുന്നു. ആത്മാവ് ബാബയെ ഓർമ്മിക്കുന്നു - ബാബാ അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ ശാന്തിധാമത്തിൽ പോയി വസിക്കും. അതിനാൽ നിങ്ങൾ കുട്ടികൾ ഈ യോഗബലത്താൽ, സൈലൻസിന്റെ ബലത്താൽ സയൻസിനുമേൽ വിജയം നേടുന്നു. ശാന്തിയുടെ ബലം പ്രാപ്തമാകുന്നു. സയൻസിലൂടെയാണ് ഈ മുഴുവൻ വിനാശവും നടക്കുക. സൈലൻസിലൂടെ നിങ്ങൾ കുട്ടികൾ വിജയം നേടുന്നു. ബാഹുബലമുള്ളവർക്കൊരിക്കലും വിശ്വത്തിന്റെ മേൽ വിജയം നേടാൻ സാധിക്കുകയില്ല. ഈ പോയിന്റുകളും നിങ്ങൾ പ്രദർശിനിയിൽ എഴുതണം.

ഡൽഹിയിൽ വളരെയധികം സേവനം ചെയ്യാൻ സാധിക്കും കാരണം എല്ലാവരുടെയും തലസ്ഥാനമാണ് ഡൽഹി. നിങ്ങളുടെയും തലസ്ഥാനം ഡൽഹിയായിരിക്കും. ഡൽഹിയെ തന്നെയാണ് പരിസ്ഥാൻ എന്ന്

പറയുന്നത്. പാണ്ഡവരുടെ കോട്ടയൊന്നുമില്ല. എപ്പോഴാണോ ശത്രുക്കൾ കയറുന്നത് അപ്പോഴാണ് കോട്ടകളെല്ലാം കെട്ടുന്നത്. നിങ്ങൾക്കാണെങ്കിൽ കോട്ടയുടെയൊന്നും ആവശ്യമില്ല. നിങ്ങൾക്കറിയാം, നിങ്ങൾ സൈലൻസിന്റെ ബലത്താൽ നിങ്ങളുടെതന്നെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെത് കൃത്രിമ സൈലൻസാണ്. നിങ്ങളുടെത് യഥാർത്ഥ സൈലൻസാണ്. ശാന്തിയുടെ ബലം, ജ്ഞാനത്തിന്റെ ബലം എന്നാണ് പറയുന്നത്. ഈ ജ്ഞാനം പഠനമാണ്. പഠനത്തിലൂടെയാണ് ബലം ലഭിക്കുന്നത്. പൊലീസ് സൂപ്രണ്ടാകുമ്പോൾ എത്ര പവറാണ്. അതെല്ലാം ദുഃഖം തരുന്ന ഭൗതിക കാര്യങ്ങളാണ്. നിങ്ങളുടെ എല്ലാ കാര്യങ്ങളും ആത്മീയമാണ്. നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടുന്ന വാക്കുകൾ ഓരോന്നും മധുരവും ഫസ്റ്റ്ക്ലാസ്സുമായിരിക്കണം, കേൾക്കുന്നവർക്ക് സന്തോഷം തോന്നണം. എങ്ങനെയാണോ ബാബ ദുഃഖഹർത്താവും സുഖകർത്താവുമായിരിക്കുന്നത്, അതുപോലെ നിങ്ങൾ കുട്ടികളും എല്ലാവർക്കും സുഖം കൊടുക്കണം. കുടുംബത്തിലുള്ളവർക്കും ദുഃഖം ഉണ്ടാകരുത്. നിയമാനുസരണം എല്ലാവരോടും പെരുമാറണം. മുതിർന്നവരോട് സ്നേഹത്തോടുകൂടി പെരുമാറണം. മധുരവും ഒന്നാന്തരവുമായ വാക്കുകൾ വായിൽനിന്നും പുറപ്പെടണം, കേൾക്കുന്നവർക്ക് സന്തോഷം തോന്നണം. പറയൂ, ശിവബാബ പറയുന്നു മന്മനാഭവ. ഉയർന്നതിലും ഉയർന്നത് ഞാനാണ്. എന്നെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ നിങ്ങളുടെ വികർമ്മം വിനാശമാകൂ. വളരെ സ്നേഹത്തോടുകൂടി സംസാരിക്കണം. ഏതെങ്കിലും വലിയ സഹോദരനാണെന്ന് മനസ്സിലായാൽ പറയൂ, ദാദാജീ, ശിവബാബ പറയുന്നു –എന്നെ ഓർമ്മിക്കൂ. രുദ്രൻ എന്നും വിളിക്കപ്പെടുന്ന ആ ശിവബാബ തന്നെയാണ് യജ്ഞം രചിക്കുന്നത്. കൃഷ്ണ ജ്ഞാന യജ്ഞം എന്ന അക്ഷരം കേട്ടിട്ടില്ല. രുദ്ര ജ്ഞാന യജ്ഞമെന്നു പറയുന്നുണ്ടെങ്കിൽ രുദ്രനായ ശിവബാബയാണ് ഈ യജ്ഞം രചിച്ചിരിക്കുന്നത്. രാജപദവി പ്രാപ്തമാക്കുന്നതിന് വേണ്ടി ജ്ഞാനവും യോഗവും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു, ഭഗവാനുവാച എന്നെ മാത്രം ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ ഇപ്പോൾ എല്ലാവരുടെയും അന്തിമ സമയമാണ്, വാനപ്രസ്ഥ അവസ്ഥയാണ്. എല്ലാവർക്കും തിരിച്ച് പോകണം. മരണസമയത്ത് മനുഷ്യരോട് ഈശ്വരനെ ഓർമ്മിക്കൂ എന്ന് പറയാറുണ്ടല്ലോ. ഇവിടെ ഈശ്വരൻ സ്വയം പറയുന്നു മരണം മുന്നിൽ നിൽക്കുകയാണ്, ഇതിൽ നിന്നും ആർക്കും രക്ഷപ്പെടാൻ സാധ്യമല്ല. അന്തിമസമയത്താണ് ബാബ വന്ന് പറയുന്നത്, കുട്ടികളേ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും, ഇതിനെ ഓർമ്മയുടെ അഗ്നിയെന്ന് പറയുന്നു. ബാബ ഗ്യാരണ്ടി ചെയ്യുന്നു, ഇതിലൂടെ നിങ്ങളുടെ പാപം കത്തി നശിക്കും. വികർമ്മം വിനാശമാകുന്നതിന്, പാവനമായി മാറുന്നതിന് വേറെ ഒരു ഉപായവുമില്ല. പാപഭാരം കയറി കയറി അഴുക്ക് പിടിച്ച് പിടിച്ച് സ്വർണ്ണം 9 കാരറ്റിന്റെതായി മാറി. 9 കാരറ്റിന് ശേഷം മുക്കുപണ്ടമെന്ന് പറയുന്നു. ഇപ്പോൾ വീണ്ടും 24 കാരറ്റായി മാറുന്നതെങ്ങനെയാണ്, ആത്മാവ് ശുദ്ധമാകുന്നതെങ്ങനെയാണ്? ശുദ്ധ ആത്മാവിന് ആഭരണവും (ശരീരം) ശുദ്ധമായത് ലഭിക്കും. മിത്ര സംബന്ധികളോടെല്ലാം വളരെ നമ്രതയോടെ, സ്നേഹഭാവത്തിൽ പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കണം. ഇത് അതേ മഹാഭാരത യുദ്ധമാണെന്ന് മനസ്സിലാക്കി കൊടുക്കണം. ഇത് രുദ്ര ജ്ഞാന യജ്ഞവും കൂടിയാണ്. ബാബയിലൂടെ നമുക്ക് സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. മറ്റൊരിടത്തു നിന്നും ഈ ജ്ഞാനം ലഭിക്കുകയില്ല. ഞാൻ താങ്കളോട് സത്യം പറയുകയാണ്, ഭക്തിയെല്ലാം ജന്മ ജന്മാന്തരങ്ങളിൽ ചെയ്തിട്ടുണ്ട്, ഇപ്പോൾ ജ്ഞാനം ആരംഭിച്ചിരിക്കുന്നു. ഭക്തി രാത്രിയും ജ്ഞാനം പകലുമാണ്. സത്യയുഗത്തിൽ ഭക്തി ഉണ്ടായിരിക്കുകയില്ല. ഇങ്ങനെയിങ്ങനെ വളരെ യുക്തിയോടെ സംസാരിക്കണം. അവസരങ്ങൾ ഉപയോഗിക്കണം. അമ്പ് പോലെ തറയ്ക്കണമെങ്കിൽ സമയവും സന്ദർഭവും നോക്കണം. ജ്ഞാനം നൽകുന്നതിന് വളരെ വലിയ യുക്തി ആവശ്യമാണ്. ബാബ യുക്തികളെല്ലാം എല്ലാവർക്കും വേണ്ടിയാണ് പറഞ്ഞു തരുന്നത്. പവിത്രത ഏറ്റവും നല്ലതാണ്, ലക്ഷ്മീ നാരായണൻ നമ്മുടെ പൂർവികരും പൂജ്യരുമാണല്ലോ. പാവനവും പൂജ്യരുമായവർ പിന്നീട് പതിതരും പൂജാരിയുമായി മാറും. പാവനമായവരുടെ പൂജ പതിതർ ഇരുന്ന് ചെയ്യുക – ഇത് ശോഭനീയമല്ല. പലരും പതിതരിൽ നിന്ന് ദൂരെ മാറാറുണ്ട്. വല്ലഭാചാരികൾ ഒരിക്കലും കാലിൽ തൊടാൻ അനുവദിക്കില്ല. ഇത് അഴുക്കുപിടിച്ച മനുഷ്യരാണെന്ന് അറിയാം. ക്ഷേത്രങ്ങളിലും എപ്പോഴും ബ്രാഹ്മണർക്ക് മാത്രമേ മൂർത്തിയെ തൊടാൻ അനുവാദമുള്ളൂ. ശൂദ്രരായ മനുഷ്യർക്ക് ഉള്ളിൽ പോയി തൊടാൻ സാധ്യമല്ല. അവിടെ മൂർത്തികളെ കുളിപ്പിക്കുന്നതെല്ലാം ബ്രാഹ്മണരാണ്, വേറെ ആരെയും പോകാൻ അനുവദിക്കുകയില്ല. വ്യത്യാസം ഉണ്ടല്ലോ. എന്നാൽ അവരാണെങ്കിൽ ശരീരവംശാവലീ ബ്രാഹ്മണരാണ്, നിങ്ങൾ സത്യമായ മുഖവംശാവലീ ബ്രാഹ്മണരും. നിങ്ങൾ ആ ബ്രാഹ്മണർക്ക് വളരെ നന്നായി മനസ്സിലാക്കി കൊടുക്കണം രണ്ട് പ്രകാരത്തിലുള്ള ബ്രാഹ്മണരുണ്ട് – ഒന്ന് പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലി, രണ്ടാമത് ശരീരവംശാവലി. ഉയർന്നതിലും ഉയർന്ന കുടുമ ബ്രഹ്മാ മുഖവംശാവലീ ബ്രാഹ്മണരാണ്. യജ്ഞം രചിക്കുമ്പോഴും ബ്രാഹ്മണരെ വിളിക്കുന്നു. ഇതാണെങ്കിൽ ജ്ഞാനയജ്ഞമാണ്. ബ്രാഹ്മണർക്ക് ജ്ഞാനം ലഭിക്കുമ്പോൾ അവർ ദേവതയായി മാറുന്നു. വർണ്ണത്തെക്കുറിച്ചും മനസ്സിലാക്കി തന്നു. ആരാണോ സർവ്വീസബിൾ കുട്ടികൾ അവർക്ക് സേവനത്തിൽ സദാ താല്പര്യമുണ്ടായിരിക്കും. എവിടെ പ്രദർശിനി ഉണ്ടെ

ങ്കിലും ഉടനെ സേവനം ചെയ്യാൻ ഓടും – ഞാൻ പോയി ഇങ്ങനെ ഇങ്ങനെയുള്ള പോയിന്റുകൾ പറഞ്ഞു കൊടുക്കും. പ്രജകളെ ഉണ്ടാക്കാനുള്ള എളുപ്പമാർഗ്ഗമാണ് പ്രദർശിനികൾ. സഹജമായി വളരെയധികം പേർ വരുന്നു. അതിനാൽ മനസ്സിലാക്കി കൊടുക്കുന്നവരും വളരെ നല്ലതായിരിക്കണം. അഥവാ ആരെങ്കിലും പൂർണ്ണമായി മനസ്സിലാക്കി കൊടുത്തില്ലെങ്കിൽ പറയും ഇതാണോ ബി.കെ.യുടെ പക്കലുള്ള ജ്ഞാനം! ഡിസ്സർവ്വീസായി മാറും. പ്രദർശിനികളിൽ മനസ്സിലാക്കികൊടുക്കുന്ന ഗൈഡുകളെ നിരീക്ഷിക്കാൻ സമർത്ഥനായ ഒരാളെങ്കിലും വേണം. ഏതെങ്കിലും വലിയ ആളാണെങ്കിൽ അദ്ദേഹത്തിന് മനസ്സിലാക്കി കൊടുക്കാൻ നല്ല ആളെ നൽകണം. നല്ലരീതിയിൽ പറഞ്ഞു കൊടുക്കാത്തവരെ മാറ്റിനിർത്തണം. സൂപ്പർവൈസ് ചെയ്യുന്നതിന് നല്ല ഒരാളെങ്കിലും ഉണ്ടായിരിക്കണം. നിങ്ങൾക്കാണെങ്കിൽ മഹാത്മാക്കളെയും വിളിക്കണം. നിങ്ങൾ പറയുന്നു ബാബ പറയുകയാണ്– ബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്, ബാബ തന്നെയാണ് രചയിതാവ്. മറ്റെല്ലാവരും ബാബയുടെ രചനകളാണ്. സമ്പത്ത് ലഭിക്കുന്നത് ബാബയിൽ നിന്നാണ്. സഹോദരൻ സഹോദരന് എന്ത് സമ്പത്ത് നൽകാനാണ്! വേറെ ഒരാൾക്കും സുഖധാമത്തിന്റെ സമ്പത്ത് നൽകാൻ സാധിക്കില്ല. സമ്പത്ത് നൽകുന്നത് ബാബയാണ്. സർവ്വർക്കും സദ്ഗതി നൽകുന്നത് ഒരേയൊരു ബാബയാണ്, ആ ബാബയെ ഓർമ്മിക്കണം. ബാബ സ്വയം വന്ന് സ്വർണ്ണിമയുഗം സൃഷ്ടിക്കുന്നു. ബ്രഹ്മാവിന്റെ ശരീരത്തിലൂടെ സ്വർഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ശിവജയന്തിയൊക്കെ ആഘോഷിക്കുന്നുണ്ട്, എന്നാൽ ശിവൻ എന്താണ് ചെയ്യുന്നത്, ഇത് എല്ലാ മനുഷ്യരും മറന്നു പോയി. ശിവബാബ തന്നെയാണ് വന്ന് രാജയോഗം പഠിപ്പിച്ച് സമ്പത്ത് നൽകുന്നത്. 5000 വർഷം മുമ്പ് ഭാരതം സ്വർഗമായിരുന്നു, ലക്ഷം വർഷത്തിന്റെ കാര്യമൊന്നുമില്ല. തിയ്യതിയും മാസവുമെല്ലാം ഉണ്ട്, ഇതിനെ ആർക്കും ഖണ്ഡിക്കുവാൻ സാധ്യമല്ല. പുതിയ ലോകവും പഴയ ലോകവും പകുതി പകുതി ആയിരിക്കും. അവർ സത്യയുഗത്തെ തന്നെ ലക്ഷക്കണക്കിന് വർഷമെന്ന് പറയുമ്പോൾ പിന്നെ എങ്ങിനെ കണക്കു വയ്ക്കും. സ്വസ്തികയിലും 4 ഭാഗങ്ങളാണ്. 1250 വർഷമായി ഓരോ യുഗത്തെയും ഭാഗിച്ചിട്ടുണ്ട്. കണക്ക് ഉണ്ടാക്കിയിട്ടുണ്ടല്ലോ. അവർക്ക് കണക്കൊന്നും അറിയാത്തതു കാരണം കക്കയ്ക്ക് സമാനമെന്ന് പറയുന്നു. ഇപ്പോൾ ബാബ വജ്രസമാനമാക്കി മാറ്റുന്നു. എല്ലാവരും പതിതമാണ്, ഭഗവാനെ ഓർമ്മിക്കുകയാണ്. അങ്ങനെയുള്ളവരെ ഭഗവാൻ വന്ന് ജ്ഞാനത്താൽ പുഷ്പമാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികളെ ജ്ഞാന രത്നങ്ങളാൽ അലങ്കരിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് നോക്കൂ നിങ്ങൾ എന്തായി മാറുന്നു, നിങ്ങളുടെ പ്രധാന ലക്ഷ്യം എന്താണ്? ഭാരതം എത്ര സമ്പന്നമായിരുന്നു, എല്ലാം മറന്നുപോയി. മുസൽമാന്മാരും മറ്റുള്ളവരും സോമനാഥ ക്ഷേത്രത്തിൽ നിന്നുമെല്ലാം വളരെയധികം മോഷ്ടിച്ചെടുത്ത് മസ്ജിദുകളിലെല്ലാം കൊണ്ടുപോയി വെച്ചിരിക്കുന്നു. ഇപ്പോൾ അതിന്റെയൊന്നും മൂല്യം കണക്കാക്കാൻ പോലും സാധ്യമല്ല. വലിയ വലിയ രത്നങ്ങളെല്ലാം രാജാക്കന്മാരുടെ കിരീടങ്ങളിലുണ്ടായിരുന്നു. ചിലതാണെങ്കിൽ കോടിയുടെ, ചിലത് 5 കോടിയുടെ. ഇന്നത്തെക്കാലത്ത് വരുന്നതെല്ലാം കൃത്രിമമാണ്. ഈ ലോകത്ത് എല്ലാം കൃത്രിമമായി നേടുന്ന സുഖമാണ്. ബാക്കി എല്ലാം ദുഃഖം നൽകുന്നതാണ് അതുകൊണ്ടാണ് സന്യാസിമാർ ഇതിനെ കാകവിഷ്ട സമാനമായ സുഖമെന്ന് പറഞ്ഞ് വീടെല്ലാം ഉപേക്ഷിക്കുന്നത് എന്നാൽ ഇപ്പോൾ അവരും തമോപ്രധാനമായി മാറിയിരിക്കുന്നു. നഗരത്തിനകത്ത് കടന്നിരിക്കുന്നു. എന്നാൽ ഇതെല്ലാം ഇപ്പോൾ ആരെ കേൾപ്പിക്കാനാണ്, രാജാവും റാണിയുമൊന്നുമില്ലല്ലോ. ആരും അംഗീകരിക്കുകയില്ല. പറയും, എല്ലാവർക്കും അവരവരുടേതായ വഴിയാണ്, എന്ത് തോന്നുന്നുവോ അത് ചെയ്യും. സങ്കല്പത്തിന്റെ സൃഷ്ടിയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളെ ബാബ ഗുപ്ത രീതിയിൽ പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ എത്രയാണ് സുഖം അനുഭവിക്കുന്നത്. മറ്റു മതങ്ങളും പിന്നീട് വൃദ്ധി പ്രാപിക്കുമ്പോൾ യുദ്ധം മുതലായ ബുദ്ധിമുട്ടുകളെല്ലാം ഉണ്ടാകുന്നു. മുക്കാൽ ഭാഗവും സുഖത്തിലായിരുന്നു അതുകൊണ്ട് ബാബ പറയുന്നു നിങ്ങളുടെ ദേവീദേവതാ ധർമ്മം വളരെ സുഖം നൽകുന്നതാണ്. ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. മറ്റു ധർമ്മസ്ഥാപകരൊന്നും രാജ്യം സ്ഥാപിക്കുന്നില്ല. അവർ സദ്ഗതി ചെയ്യുന്നില്ല. വന്ന് കേവലം തങ്ങളുടേതായ മതങ്ങൾ സ്ഥാപിക്കുന്നു. അവരും അവസാനം എപ്പോഴാണോ തമോപ്രധാനമായി മാറുന്നത്, അപ്പോൾ ബാബയ്ക്ക് സതോപ്രധാനമാക്കി മാറ്റുന്നതിന് വീണ്ടും വരേണ്ടി വരുന്നു.

നിങ്ങളുടെയടുത്ത് നൂറ് കണക്കിന് മനുഷ്യർ വരുന്നുണ്ടങ്കിലും ഒന്നും മനസ്സിലാക്കുന്നില്ല. ബാബയ്ക്ക് എഴുതുന്നു– ഇന്നയാൾ വളരെ നന്നായി മനസ്സിലാക്കുന്നുണ്ട്, വളരെ നല്ലതാണ്. ബാബ പറയുന്നു ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല. അഥവാ ബാബ വന്നിരിക്കുകയാണെന്ന് മനസ്സിലാക്കിയെങ്കിൽ, വിശ്വത്തിന്റെ അധികാരിയായി മാറികൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കിയാൽ മതി ആ സമയം തന്നെ ലഹരി വർദ്ധിക്കും. ഉടനെ ടിക്കറ്റ് എടുത്ത് ഓടും. പക്ഷെ ബാബയുമായി മിലനം നടത്താൻ തീർച്ചയായും ബ്രാഹ്മണിയുടെ കത്ത് കൊണ്ടുവരണം. ബാബയെ തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ പിന്നെ കാണാതിരിക്കുവാൻ സാധ്യമല്ല, തീർത്തും ലഹരി വർദ്ധിക്കും. ആരിലാണോ ലഹരി വർദ്ധിക്കുന്നത് അവരുടെ ഉള്ളിൽ സന്തോഷം

ഉണ്ടായിരിക്കും. അവരുടെ ബുദ്ധി മിത്ര സംബന്ധികളിൽ അലയുകയില്ല. എന്നാൽ അനേകരുടെ ബുദ്ധി അലഞ്ഞു കൊണ്ടിരിക്കുന്നുണ്ട്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും താമര പൂവിന് സമാനം പവിത്രമായി കഴിയണം, ബാബയുടെ ഓർമ്മയിലിരിക്കണം. വളരെ എളുപ്പമാണ്. എത്രത്തോളം സാധിക്കുമോ അത്രയും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഓഫീസിൽ നിന്ന് ലീവ് എടുക്കുന്നതു പോലെ ബിസിനസ്സിൽ നിന്ന് ലീവ് എടുത്ത് ഒന്ന് രണ്ട് ദിവസം ഓർമ്മയുടെ യാത്രയിലിരിക്കൂ. ഇടയ്ക്കിടയ്ക്ക് ഓർമ്മയിലിരിക്കുന്നതിന് വേണ്ടി മുഴുവൻ ദിവസവും ബാബയെ ഓർമ്മിക്കുന്നതിന്റെ വ്രതമെടുക്കൂ. എത്ര ശേഖരണമുണ്ടാകും. വികർമ്മവും നശിക്കും. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് സതോപ്രധാനമായി മാറുന്നത്. മുഴുവൻ ദിവസവും പൂർണ്ണമായ യോഗമൊന്നും ആർക്കും വെക്കാൻ സാധിക്കില്ല. മായ തീർച്ചയായും വിഘ്നമിടും. എങ്കിലും പുരുഷാർത്ഥം ചെയ്ത് ചെയ്ത് വിജയം നേടും. ഇന്നത്തെ ദിവസം മുഴുവൻ പൂന്തോട്ടത്തിൽ ഇരുന്ന് ബാബയെ ഓർമ്മിക്കും. കഴിക്കുമ്പോഴും ഓർമ്മയിലിരിക്കും. ഇതാണ് പരിശ്രമം. നമുക്ക് തീർച്ചയായും പാവനമായി മാറണം. പരിശ്രമം ചെയ്യണം, മറ്റുള്ളവർക്കും വഴി പറഞ്ഞു കൊടുക്കണം. ബാഡ്ജ് വളരെ നല്ല സാധനമാണ്. വഴിയിലും പരസ്പരം കാര്യങ്ങൾ സംസാരിക്കുകയാണെങ്കിൽ അനേകർ വന്ന് കേൾക്കും. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, ഈ സന്ദേശം ലഭിച്ചുവെങ്കിൽ നമ്മുടെ ഉത്തരവാദിത്വം കഴിഞ്ഞു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജോലിക്കാര്യങ്ങളിൽ നിന്ന് എപ്പോൾ ഒഴിവു ലഭിക്കുന്നുവോ, ഓർമ്മയിലിരിക്കുന്നതിനുള്ള വ്രതം എടുക്കണം. മായയുടെ മേൽ വിജയം പ്രാപ്തമാക്കുന്നതിനു വേണ്ടി ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം.

2) വളരെ നമ്രതയോടെയും വിനയ ഭാവത്തിലും പുഞ്ചിരിയോടുകൂടി മിത്ര സംബന്ധികളുടെ സേവനം ചെയ്യണം. അവരുടെ ബുദ്ധിയെ അലയിക്കരുത്. സ്നേഹത്തോടു കൂടി ബാബയുടെ പരിചയം നൽകണം.

## വരദാനം:- നടക്കുമ്പോഴും കറങ്ങുമ്പോഴും ഫരിസ്താ സ്വരൂപത്തിന്റെ സാക്ഷാത്കാരം ചെയ്യിപ്പിക്കുന്ന സാക്ഷാത്കാര മൂർത്തിയായി ഭവിക്കട്ടെ.

ആരംഭകാലത്ത് നടക്കുമ്പോഴും കറങ്ങാൻ പോകുമ്പോഴും ബ്രഹ്മാവ് അപ്രത്യക്ഷമായി ശ്രീകൃഷ്ണനെ കാണപ്പെട്ടിരുന്നു, ഈ സാക്ഷാത്കാരം മറ്റെല്ലാം തന്നെ ഉപേക്ഷിപ്പിച്ചു. അതേപോലെ സാക്ഷാത്കാരത്തിലൂടെ ഇപ്പോഴും സേവനം നടത്തൂ. സാക്ഷാത്കാരത്തിലൂടെ പ്രാപ്തിയുണ്ടാകുമെങ്കിൽ അതില്ലാതെ ഇരിക്കാൻ സാധിക്കില്ല, അതിനാൽ നടക്കുമ്പോഴും കറങ്ങുമ്പോഴും ഫരിസ്താ സ്വരൂപത്തിന്റെ സാക്ഷാത്കാരം ചെയ്യിപ്പിക്കൂ. പ്രഭാഷണം ചെയ്യുന്നവർ അനവധിയുണ്ട് എന്നാൽ താങ്കൾ പ്രേരണ കൊടുക്കുന്നവരാകൂ- അപ്പോൾ മനസ്സിലാക്കും ഇവർ ഭഗവാന്റെ ആൾക്കാരാണെന്ന്.

## സ്ലോഗൻ:- സദാ ആത്മീയ രസത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കൂ എങ്കിൽ ഒരിക്കലും ആശയക്കുഴപ്പത്തിൽ വരികയില്ല.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**
ഇപ്പോൾ മനസ്സിലെ ശുഭഭാവനകളെ മറ്റാത്മാക്കളിലേക്ക് എത്തിക്കൂ. സൈലൻസിന്റെ ശക്തിയെ പ്രത്യക്ഷപ്പെടുത്തൂ. ഓരോരോ ബ്രാഹ്മണക്കുട്ടികളിലും ഈ സൈലൻസിന്റെ ശക്തിയുണ്ട്. കേവലം ഈ ശക്തിയെ മനസ്സിലൂടെയും ശരീരത്തിലൂടെയും പുറത്തെടുക്കൂ. ഒരു സെക്കന്റിനകം മനസ്സിലെ സങ്കൽപ്പങ്ങളെ ഏകാഗ്രമാക്കൂ എങ്കിൽ വായുമണ്ഡലത്തിൽ സൈലൻസിന്റെ ശക്തിയുടെ പ്രകമ്പനങ്ങൾ താനേ പരന്നുകൊണ്ടിരിക്കും.